**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 164** **22-07-2021 - ൽ മറുപടിയ്ക്ക്**

**ചെറുകിട വ്യവസായ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വലിയ തോതിലുള്ള വ്യാവസായിക വികസനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് പരിമിതമാണെന്നിരിക്കെ എംഎസ്എംഇ/ കോട്ടേജ് വ്യവസായങ്ങൾ വിപുലമായി ഉയർന്ന് വരുത്തക്ക വിധത്തിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പദ്ധതി നടപ്പിലാക്കുന്നത് പരിഗണിക്കുമോ; | (എ) | സൂക്ഷ്മ – ചെറുകിട മേഖലയിൽ ഉല്പാദനക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതത്തോടെ ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു കൊണ്ട് അവർക്കാവശ്യമായ പൊതുവായ സേവനങ്ങളും ഈ പദ്ധതി വഴി ലഭ്യമാക്കുന്നു. ഇതുവരെ 12 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. 4 ക്ലസ്റ്ററുകളുടെ രൂപീകരണം പുരോഗതിയിലാണ്. |
| (ബി) | ശക്തമായ ത്രിതല പഞ്ചായത്ത് സംവിധാനമുള്ള നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്തുകളെ മുഖ്യ സ്റ്റേക് ഹോൾഡറാക്കി, ചെറുകിട വ്യവസായ രംഗത്ത് ഒരു വിപ്ലവാത്മക 'പാരഡിം ഷിഫ്റ്റ് ' ഉണ്ടാക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാമോ; | (ബി) | വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ജില്ലാ തലത്തിലാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികൾ വ്യവസായ വികസന ഓഫീസർമാർ വഴിയും ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. വ്യവസായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ജില്ലാ, ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾക്ക് പ്രധാന സ്ഥാനം വഹിക്കേണ്ട സംവിധാനം നിലവിലുണ്ട്. |
| (സി) | ഇത്തരത്തിലുള്ള ചെറുകിട വ്യവസായ വികസനത്തിനായി സ്പെഷ്യൽ എക്കണോമിക് സോണുകൾ ഫീസിബിലിറ്റി പഠനം നടത്തി അവശ്യാധിഷ്ഠിതമായി അനുവദിക്കുന്നത് പരിഗണിക്കാമോ? | (സി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ